**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** **11-10-2021 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് സർജൻമാരുടെ സ്ഥിരം തസ്തിക എത്രയെന്നും ഈ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവർ എത്രയെന്നും വെളിപ്പെടുത്തുമോ; | (എ) | അസിസ്റ്റന്റ് സർജൻ തസ്തികയിലെ അനുവദനീയ തസ്തികകൾ - 3515 നിലവിൽ ടി തസ്തികയിൽ ജോലി ചെയ്യുന്നവർ - 3499 |
| (ബി) | ടി തസ്തികകളിൽ കരാർ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വിശദീകരിക്കുമോ; | (ബി) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നില്ല. കൂടാതെ ടി തസ്തികയിൽ ആരും തന്നെ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നില്ല. |
| (സി) | 17.02.2021 ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻമാരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; | (സി) | 7.02.2021 ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിച്ചിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നു എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ? | (ഡി) | നിലവിൽ റാങ്ക് ലിസ്റ്റിൽ നിന്നും 147 പേരുടെ നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ 38 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ